**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിയ്ക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിയ്ക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിയ്ക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുന്ന എത്ര ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തി വരുന്നത്. നിലവിൽ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധനകൾ നടത്തുന്നതിനും, സാമ്പിളുകൾ ശേഖരിക്കുന്നതിനും, പരാതികൾ പരിശോധിക്കുന്നതിനും, കോടതി സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിനും ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തിക മാത്രമാണ് ഉള്ളത്.<br><br>വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ശുപാർശകളടങ്ങിയ വിശദമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

Details of Hotel Inspection

| Sl No | Name of District | No of Inspection | No of Notice issued | Compounded Amount |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 473 | 130 | 148000 |
| 2 | കൊല്ലം | 427 | 139 | 83000 |
| 3 | പത്തനംതിട്ട | 175 | 57 | 0 |
| 4 | ആലപ്പുഴ | 435 | 125 | 230000 |
| 5 | കോട്ടയം | 365 | 80 | 326000 |
| 6 | ഇടുക്കി | 308 | 10 | 0 |
| 7 | എറണാകുളം | 399 | 7 | 0 |
| 8 | തൃശ്ശൂർ | 241 | 66 | 78000 |
| 9 | പാലക്കാട് | 552 | 76 | 249000 |
| 10 | മലപ്പുറം | 565 | 107 | 0 |
| 11 | കോഴിക്കോട് | 1290 | 202 | 2217500 |
| 12 | വയനാട് | 286 | 35 | 74000 |
| 13 | കണ്ണൂർ | 230 | 48 | 94000 |
| 14 | കാസർഗോഡ് | 162 | 30 | 143000 |

സെക്ഷൻ ഓഫീസർ